(ബി) & (സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 50,000 രൂപ (അമ്പതിനായിരം രൂപ) മരണപ്പെട്ട അശോകന്റെ അടുത്ത ബന്ധുക്കൾക്ക് സാമ്പത്തിക സഹായമായി 20-5-2005-ന് നൽകിയിട്ടുണ്ട്.

വിജിലൻസ് കേസുകൾ

113 [1667] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസ് വകുപ്പ് സർക്കാർ ഓഫീസുകളിൽ നടത്തിയ പരിശോധനയുടെ ഫലമായി എത്ര അഴിമതി കേസുകൾ കഴിഞ്ഞ ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) അഴിമതി നടത്തിയതിന് വിജിലൻസ് പിടികൂടിയ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥരെ കേസ് തീരുന്നതിന് മുൻപ് സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര പേരെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുവെന്നും, അതിനുള്ള കാരണം എന്താണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 18 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അന്വേഷണം നടന്നുവരുന്നു.

(സി) & (ഡി) ഉണ്ട്. വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതിന്റെ പേരിൽ സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിട്ടുണ്ട്.

വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം

114 [1670] *ശ്രീ. എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതിയുടെ ഭരണകാലത്ത് ആഡിറ്റ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളെക്കുറിച്ച്, ആലപ്പുഴ വിജിലൻസ് വിഭാഗം നടത്തുന്ന അന്വേഷണം മൂന്ന് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ;

(ബി) ഈ കേസിന്റെ അന്വേഷണം എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly.